# കണ്ണു തുറപ്പിക്കുന്ന ശക്തി

## ഉല്പത്തി 21:16

"അവൾ പോയി അതിന്നെതിരെ ഒരു അമ്പിൻ പാടു ദൂരത്തു ഇരുന്നു: കുട്ടിയുടെ മരണം എനിക്കു കാണേണ്ടാ എന്നു പറഞ്ഞു എതിരെ ഇരുന്നു ഉറക്കെ കരഞ്ഞു."

ഹാഗാർ എന്ന അബ്രഹാമ്യ ദാസി, തന്റെ പൈതലുമായി മരുഭൂമിയിൽ കടന്നുപോയതായ വലിയ ഒരു ശോധനയുടെ അനുഭവം ആണല്ലോ നാം കണ്ടത്. മരുഭൂമിയുടെ കൊടും ചൂടിലും, വരൾച്ചയിലും തന്റെ കൈവശം ഉണ്ടായിരുന്നതെല്ലാം തീർന്ന്, മരിക്കാൻ പോകുന്ന തന്റെ കുഞ്ഞിനെ കാണാൻപോലും ഉള്ള ശേഷിയില്ലാതെ കരയുന്ന നിസ്സഹായ ആയ മാതാവ്, അവളുടെ ഹൃദയനൊമ്പരം എത്രയധികമാകുന്നു, എന്നാൽ ഹൃദയം വേദനിച്ചുള്ള അവളുടെ നിലവിളി ദൈവം കേട്ടു, അവളുടെ കണ്ണു തുറന്നു, അവൾ നീരുറവ കണ്ടു, കുഞ്ഞിനെ കുടിപ്പിച്ചു, ശക്തി പ്രാപിച്ചു, ജീവൻ വീണ്ടെടുത്തു.

ഹാഗാർ എന്ന മാതാവിന്, കൊടും മരുഭൂമിയുടെ മദ്ധ്യത്തിൽ മറ്റൊരു ആശ്രയവും സഹായവും ഇല്ലായിരുന്നുവല്ലോ. ഇന്നും പലപ്പോഴും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും ഇതുപോലുള്ള സ്ഥിതിവിശേഷങ്ങൾ തരണം ചെയ്യേണ്ടി വരുന്നില്ലേ? പ്രത്യേകിച്ച് തലമുറകൾ ഭയങ്കരമായ ശോധനകളുടെ നടുവിലാണ്. ലോകത്തിന്റെ രസങ്ങളും, ആഗ്രഹങ്ങളും ഒക്കെ അവരെ മാടിവിളിക്കുമ്പോൾ യിശ്മായേലിനെപ്പോലെ നമ്മുടെ മക്കൾ തളർന്നുപോകാൻ ഇടയാകരുത്. കർത്താവു തുറന്നുതരുന്ന നീരുറവയുടെ അനുഭവം ഓരോ ദിവസവും നമുക്കും, നമ്മുടെ മക്കൾക്കും തടസ്സമില്ലാതെ ഉണ്ടാവണം. അതിനായി തലമുറകൾക്കുവേണ്ടി കരയുവാൻ ഓരോ മാതാവും ഇന്ന് ഒരുങ്ങിയേ തീരൂ. എത്രത്തോളം ദൈവസന്നിധിയിൽ നിലവിളിക്കുന്നുവോ അത്രയധികം സംരക്ഷണവും, അനുഗ്രഹങ്ങളും സദാ അവരോടൊപ്പം ഉണ്ടാകും.

ഇന്നത്തെ തലമുറയ്ക്ക് ജീവിതത്തിന്റെ സകല സൗകര്യങ്ങളും അതിന്റെ പൂർണ്ണതയിലും, ശ്രേഷ്ഠതയിലും ആസ്വദിക്കുന്നതിനായി ലഭ്യമാണ്. എങ്കിലും അതിന്റെയൊക്കെ ഉറവിടവും, ദാതാവും കർത്താവ് ഒരുവനാണെന്നും, സകലത്തിലും ആശ്രയത്വം ദൈവത്തിൽ മാത്രമാക്കി തീർക്കുവാനും, ഓരോ കുഞ്ഞുങ്ങളെയും പരിശീലിപ്പിക്കുകയും അതിലുപരി പ്രാർത്ഥിക്കുകയും ചെയ്യുകയെന്ന ആഹ്വാനമാണ് നമുക്ക് ലഭിക്കുന്നത്. മാതാപിതാക്കൾക്ക് തങ്ങളുടെ സാന്നിധ്യം എല്ലായ്പ്പോഴും കൊടുക്കാനാവില്ല. എന്നാൽ നീരുറവകളെ കാണിക്കുവാൻ കണ്ണ് തുറപ്പിക്കുന്ന ഒരു ശക്തി സദാ കൂടെയുണ്ടെന്ന് ഓർക്കണം.

നമ്മെ ഒരിക്കലും മരണത്തിലേക്ക് അവൻ തള്ളിവിടില്ല. നിലവിളി കേൾക്കുന്നവനായ ദൈവം, ഹൃദയവേദനകളെ നന്നായി അറിയുന്നവനായ ഒരു പിതാവ്, അവൻ എപ്പോഴും നമ്മെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. പലപ്പോഴും നീരുറവ നമ്മുടെ മുമ്പിൽ കാണും, എന്നാൽ കാണുവാൻ തക്കവണ്ണം ഹാഗാറിനെപ്പോലെ നമുക്കും കഴിയാറില്ല. കർത്താവ് കണ്ണു തുറക്കാതെ അത് കാണുവാൻ കഴിയില്ല. ഹാഗാർ എന്ന മാതാവിനോട് ഇടപെട്ട ദൈവവചനം ഇന്നും ജീവിക്കുന്നു. ഇന്ന് പലതിലും ഒരു വഴിയില്ലാതെ മരണം മാത്രം മുന്നിൽകണ്ടു നിൽക്കുന്ന ജനത്തോട് കർത്താവ് നിലവിളിക്കാൻ ആഹ്വാനം തരുകയാണ്. അതേ, ഹാഗാറിനെപ്പോലെ നമ്മുടെ ഹൃദയം മുഴുവനും ദൈവത്തിന്റെ മുമ്പിൽ പകരാം. അവനു മാത്രമെ അതിനു പോക്കുവഴികളാകുന്ന ഉറവകൾ തുറക്കാൻ സാധിക്കുകയുള്ളൂ. അവൻ തരുന്ന ഉറവയിൽ നിന്ന് തുരുത്തിയിൽ പകർന്ന് നമുക്കും, നമ്മോടു ചേർന്നു നിൽക്കുന്ന സകലർക്കും കുടിക്കാൻ കൊടുക്കാം, തൃപ്തി അനുഭവിക്കാം. കർത്താവ് അതിനായി നമ്മെ ശക്തീകരിക്കട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 135:18,19**

യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 041**